# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2143** — 13/06/2019-ൽ മറുപടിയ്ക്ക്

## ആയുർവേദ മരുന്ന് പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം.ഷാജി**<br>**,, മഞ്ഞളാംകുഴി അലി**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, പി.കെ.ബഷീർ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** ആയുർവേദ മരുന്നുകൾ പരിശോധിച്ച് ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;<br>**ബി)** പ്രസ്തുത നടപടി മൂലം ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിപണിയിൽ എത്തുവാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ) യും ബി) യും** ഇല്ല. |
| **സി)** മരുന്നുകളുടെ പരിശോധന കർശനമാക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;<br>**ഡി)** അവ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | **സി) യും ഡി) യും** ആയുർവേദ സിദ്ധ യുനാനി മരുന്നുകളുടെയും അവയിൽ ചേർക്കുന്ന അസംസ്കൃത വസ്തുക്കളുടെയും പരിശോധന കർക്കശമാക്കുന്നതിനുവേണ്ടി കേന്ദ്ര ആയുഷ് വകുപ്പ് കാലാകാലങ്ങളിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകാറുണ്ട്. ഇവ കൃത്യമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത ഔഷധങ്ങൾക്ക് ആയുർവേദിക് ഫോർമുലറി ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന പരിശോധനകൾ എല്ലാം തന്നെ നടത്തുന്നതിന് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും മതിയായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ